നം.കെഎസ്എ.കെടിഎം.പി.13/1953/2018 തീയതി : 09.11.2018

# കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,***

*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 23.10.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.10.2018 മുതൽ 24.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ. എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ സണ്ണി അബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | അജിത ജോമോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ജോസ് ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | സുനിത രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | മാത്യു എം. കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ കെ. ആർ. രാധാകൃഷ്ണൻ | 01.04.2017 മുതൽ 09.11.2017-FN വരെ |
| | സൂസി ജോസഫ് | 09.11.2017-AN മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | രശ്മി പ്രഭാകർ | 01.04.2017 മുതൽ 31.10.2017 വരെ |
| | ഡെൾഫിന ജോർജ് | 01.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. കുര്യാക്കോസ് മാത്യു റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | ഡോ. വിമി ഇക്ബാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. സിന്ധ്യ ട്രീസ മൈക്കിൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ആന്റണി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കാഞ്ഞിരമറ്റം) | ശ്രീ രഘു എം.ഡി.(in-charge) | 01.04.2017 മുതൽ 16.07.2017 വരെ |
| | ശ്രീ രങ്കു സുരേഷ് | 17.07.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (മറ്റക്കര) | ശ്രീ രഘു എം.ഡി. | 01.04.2017 മുതൽ 16.07.2017 വരെ |
| | ശ്രീ ദിലീപ് എസ്. | 17.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബീന സി. ജെ. | 01.04.2017 മുതൽ 30.11.2017 വരെ |
| | ജലജാകുമാരി | 01.12.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | രാധാമണി കെ. എൻ. | 01.04.2017 മുതൽ 27.10.2017-FN വരെ |
| | ശ്രീരാഗ് ആർ. കെ. | 27.10.2017-AN മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ജൂലി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സറീന അബ്ദുൾ അസീസ് | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി പരിഷ്കരണം |
| 2-2 | സഹകരണ ബാങ്കുകളുടെ ശാഖകൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-3 | കാർഷിക നഴ്സറികൾക്ക് തൊഴിൽ നികുതിയും ഡി & ഒ ലൈസൻസ് ഫീസും ചുമത്തുന്നില്ല |
| 2-4 | ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് - ഡിമാന്റിൽ അപാകത |
| 2-5 | പൊതുമരാമത്ത് പ്രവർത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ,ഇ.എം.ഡി.,സെക്യൂരിറ്റി നിക്ഷേപം എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | യാത്രാബത്ത നല്കിയത്-നടപടിക്രമത്തിൽ അപാകത |
| 3-2 | തെരുവുനായ നിയന്ത്രണം-നടപടികൾ ഊർജിതപ്പെടുത്തേണം |
| 3-3 | കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് ഈടാക്കി |
| 3-4 | സമഗ്ര കൃഷി വികസനം - പരമാവധി സബ്സിഡി തുക നിശ്ചയിച്ചിട്ടില്ല |
| 3-5 | നിക്ഷേപപ്രവൃത്തികൾ - അപാകതകൾ |
| 3-6 | റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല |
| 3-7 | ബാരൽ വില നിശ്ചിത ഫണ്ടിൽ ഒടുക്ക് വരുത്തണം |
| 3-8 | പഞ്ചായത്ത് ഓഡിറ്റോറിയം മെയിന്റനൻസ് - പഴയ ടിൻ ഷീറ്റുകൾ പഞ്ചായത്ത് |

| | |
|---|---|
| | കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തിരിക്കുന്നു - ലേല നടപടികൾ സ്വീകരിക്കണം |
| 3-9 | മഞ്ഞാമറ്റം മാറാമറ്റം റോഡ് റീടാറിംഗ് - റോഡിന്റെ ദൈർഘ്യം പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 3-10 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-11 | ഭവന പുനരുദ്ധാരണം-സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നു |
| 3-12 | PHC-ക്ക് മരുന്ന് വാങ്ങൽ – 103,761/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല |
| 3-13 | വൃദ്ധർക്ക് വിശ്രമകേന്ദ്രം - പ്രോജക്ട് ആസൂത്രണത്തിൽ അപാകതകൾ |
| 3-14 | വാട്ടർ കിയോസ്കുകൾ - തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കണം |
| 3-15 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ചെലവഴിക്കാത്ത തുക പഞ്ചായത്ത് ഫണ്ടിന് ബാധ്യത |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2017 തിയതിയിലെ 27-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |

| | | | | | |
|---|---|---|---|---|---|
| മുന്നിരിപ്പ് | 4,148,997/- | 10,616,961/- | 6,467,964/- | - | (+) 155.9 |
| വരവ് | 88,925,000/- | 51,734,132/- | - | 37,190,868/- | (-) 41.82 |
| ആകെ | 93,073,997/- | 62,351,093/- | - | 30,722,904/- | (-) 33 |
| ചെലവ് | 92,298,000/- | 49,512,671/- | - | 4,27,85,329/- | (-) 46.36 |
| നീക്കിയിരിപ്പ് | 775,997/- | 12,838,422/- | 12,062,425/- | - | - |

ബജറ്റിൽ പ്രതീക്ഷിത വരവ്,ചെലവ് എന്നിവ യഥാർത്ഥ കണക്കുകളുടെ ഇരട്ടിയോളമാണ് എന്ന് മേൽവിശകലനത്തിൽ വ്യക്തമാണ്(വ്യതിയാനം 40 ശതമാനത്തിലധികം). ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവു കണക്കുകൾ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പഞ്ചായത്ത് ഭരണസമിതി 12.04.2018-ലെ 5(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 04.05.2018 ലെ എഓ-01/18 നം. കത്ത് പ്രകാരം 08.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 11.06.2018, 12.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 20.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി13-1109/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10,616,961/- |
| വരവ് | 51,734,132/- |
| ആകെ | 62,351,093/- |
| ചെലവ് | 49,512,671/- |
| നീക്കിയിരിപ്പ് | 12,838,422/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | അലോട്ട്മെന്റ് | | | | % |
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 11,725,000/- | 11,725,000/- | 9,980,898/- | 1,744,102/- | 85.12 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 2,284,604/- | 2,284,604/- | 2,276,895/- | 7,709/- | 99.66 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 170,930/- | 170,930/- | 57,757/- | 113,173/- | 33.79 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 6,659,000/- | 6,659,000/- | 6,598,250/- | 60,750/- | 99.09 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2,783,000/- | 2,783,000/- | 2,755,871/- | 27,129/- | 99.03 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5,506,785/- | 5,506,785/- | 5,506,785/- | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1,049,572/- | 1,049,572/- | 833,667/- | 215,905/- | 79.43 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 2,959/- | 8,046,147/- | 8,049,106/- | 8,047,568/- | 1,538/- | 99.98 |
| ഐ.സി.ഡി.എസ്.(ICDS) | 509,105/- | 492,650/- | 1,001,755/- | 500,000/- | 501,755/- | 49.91 |
| ഖരമാലിന്യ സംസ്കരണ ഫണ്ട് | 0 | 2,000,000/- | 2,000,000/- | 0 | 2,000,000/- | - |
| സാക്ഷരത ഫണ്ട് | 19,884 | 11,600/- | 31,484/- | 31,484/- | 0 | 100 |
| വെള്ളപ്പൊക്ക നിവാരണ ഗ്രാന്റ് | 0 | 511,528/- | 511,528/- | 511,528/- | 0 | 100 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 52,515/- | 571,797/- | 624,312/- | 571,797/- | 52,515/- | 91.59 |
| സംയുക്ത പ്രോജക്ട്(ജില്ല പഞ്ചായത്ത് വിഹിതം) | 213,222/- | 2,440,000/- | 2,653,222/- | 1,623,887/- | 1,029,335/- | 44.47 |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 0 | 1,427,750/- | 1,427,750/- | 537,750/- | 890,000/- | - |
| ഗുണഭോക്തൃ വിഹിതം | 93,887/- | 75,349/- | 169,236/- | 74,685/- | 94,551/- | 44.13 |
| ബി-ഫണ്ട് | 0 | 28,845,320/- | 28,845,320/- | 28,845,320/- | 0 | 100 |
| തനത് ഫണ്ട് | 75,87,153 | 1,45,76,797 | 2,21,63,950 | 1,18,95,664 | 1,02,68,286 | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 73.44 ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. തനത് ഫണ്ട് വരവ്-ചെലവുകൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടും ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരമുള്ള കണക്കുകളാണ് മേൽസൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 10 | 10 | 2,838,167/- | 1,643,167/- | 57.90 |
| 2. | വെറ്ററിനറി സർജൻ | 7 | 6 | 2,299,000/- | 523,375/- | 22.77 |
| 3. | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | 6 | 6 | 900,000/- | 900,000/- | 100 |

| | | | | | | |
|---|---|---|---|---|---|---|
| 4. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 50,000/- | 50,000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 458,000/- | 432,500/- | 94.43 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 9 | 9 | 4,330,234/- | 3,915,234/- | 90.42 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 3,536,947/- | 2,915,854/- | 82.44 |
| 8. | സെക്രട്ടറി | 45 | 37 | 9,563,138/- | 6,767,655/- | 70.77 |
| 9. | ഹെഡ്മാസ്റ്റർ | 2 | 2 | 375,000/- | 285,193/- | 76.05 |
| 10. | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 110 | 71 | 33,638,744/- | 13,119,591/- | 39 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 437,750/- | 437,750/- | 100 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1,503,974/- | 1,377,450/- | 91.59 |
| ആകെ | | 211 | 161 | 59,930,954/- | 32,367,769/- | 54 |

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 13.0620.18 ലെ ഉത്തരവ് നം. 490/17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.പദ്ധതിരൂപീകരണ ഗ്രാമസഭകൾ 01.04.2017മുതൽ 09.04.2017 വരെ വിവിധ തീയതികളിൽ ചേർന്നിട്ടുണ്ട്. 21.04.2017 ൽ വികസന സെമിനാറും നടത്തിയിട്ടുണ്ട്.

2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം,പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം മാത്രം സാധ്യമാവുന്ന വിധത്തിലുള്ള പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് കാണുന്നു. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവുപ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതോ ആയ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. വാർഡ്,ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ടു വീതംവെയ്ക്കുന്ന ഫലപ്രദമല്ലാത്ത വിഭവവിന്യാസത്തിലുപരി പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. വിഇഒ നടപ്പാക്കിയ വീട് പുനരുദ്ധാരണപ്രോജക്ടുകൾക്ക് തുക തുലോം പരിമിതപ്പെടുത്തി നൽകേണ്ടി വന്നത് മേല്പറഞ്ഞ സാഹചര്യത്തിലാണ്. പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

പഞ്ചായത്ത് ഐ എസ് ഒ നിലവാരത്തിലെത്തിയിട്ടുണ്ടെങ്കിലും മാലിന്യനിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. മാലിന്യനിർമ്മാർജ്ജനത്തിന് സ്ഥിരവും ശാസ്ത്രീയവുമായ സംവിധാനമുണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്.പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ളം/ശുചിത്വം,പൊതുമരാമത്ത് എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിൽ 4 പേർ മാത്രമാണ് ഹാജരുണ്ടായിരുന്നത്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും

നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം
സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി : പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കാൻ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജീവനക്കാരുടെയും ഭാഗത്തു നിന്ന് കൂട്ടായ ശ്രമം ഉണ്ടായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി: വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന മരാമത്തു പ്രവൃത്തികൾക്കു വേണ്ടി ആവിഷ്കരിച്ച 110 പ്രോജക്ടുകളിൽ 71എണ്ണം നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതബോർഡ്, ജലഅതോറിറ്റി തുടങ്ങിയ നിർവ്വഹണഏജൻസികൾ മുഖേനയുള്ള നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.ചെലവഴിച്ച പണത്തിന് ആനുപാതികമായി പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നത് വിലയിരുത്തേണ്ടതുമാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി: അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്.പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടുകൾ എല്ലാം കാർഷിക മേഖലയിൽപ്പെട്ടതായിരുന്നു.വനിതകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകളുള്ള ചെറുകിടവ്യവസായ മേഖലയ്ക്കും പ്രാധാന്യം നൽകാവുന്നതാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി: പി എച്ച് സി, മൃഗാശുപത്രി, ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ, സ്കൂളുകൾ എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 144 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 98 പ്രോജക്ടുകളിൽ 26 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 20950 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 496 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, റോഡ് കോൺക്രീറ്റിങ്ങ്, കിണർ റീച്ചാർജിങ്ങ്, സർക്കാർ ഭവന പദ്ധതി (അവിദഗ്ദ്ധ തൊഴിൽ) തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.ഐ. പൂവത്തിളപ്പ് ശാഖ (ബാങ്ക് അക്കൗണ്ട് നം.67060662944) മുഖേനയാണ് നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2,959/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 7,466,371/- | 8,046,147/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 579,776/- | |
| ആകെ | | | 8,049,106/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 5,498,382/- | 8,047,568/- |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 211,500/- | |
| | ഉപകരണങ്ങളുടെ വില, വാടക | 1,756,489/- | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 581,197/- | |
| നീക്കിയിരിപ്പ് | | | 1,538/- |

തൊഴിലുറപ്പ് പദ്ധതി ക്യാഷ് വരവ് 5,79,776/- രൂപ അക്കൗണ്ട് ചെയ്തിരിക്കുന്നത് 320100101 സാംഖ്യ ശീർഷകത്തിലാണ്. ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന തുകയും ഉൾപ്പടെയുള്ള തുക 251300801 എന്ന റവന്യൂ ചെലവ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്(ഷെഡ്യൂൾ RP-16).

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17,280/- | 29 |
| കർഷകതൊഴിലാളി പെൻഷൻ | 3,332,500/- | 274 |
| വിധവാപെൻഷൻ | 5,983,100/- | 509 |
| വാർദ്ധക്യകാലപെൻഷൻ | 15,703,500/- | 1280 |
| വികലാംഗപെൻഷൻ | 3,163,700/- | 270 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 638,300/- | 53 |
| നെൽകർഷകർക്ക് വിള ഇൻസെന്റീവ് | 6,940/- | - |
| ആകെ ബി-ഫണ്ട് | 28,845,320/- രൂപ | |

## 1-9 ക്യാഷ് പരിശോധന

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2018 തീയതിയിൽ 3:00 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 73,473/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെ പൊതുവെ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന് വിലയിരുത്തുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച പഞ്ചായത്ത് എന്ന നിലയിലുള്ള കാര്യക്ഷമത ദൃശ്യമാണ്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ കാണപ്പെട്ട ന്യൂനത പ്രത്യേക ഖണ്ഡികയായി താഴെ ചേർക്കുന്നു.

1.എല്ലാ വാങ്ങലുകളും ഒരു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു ഗ്രാമപഞ്ചായത്ത് തൻവർഷം നടത്തിയ എല്ലാ വാങ്ങലുകൾക്കും പൊതുവായ ഒരു സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിച്ചുവരുന്നത്. ഉദാ:ഫോമുകളും രജിസ്റ്ററുകളും, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഫർണിച്ചർ, നെറ്റ് സെറ്റർ, റഫറൻസ് ബുക്കുകൾ മുതലായവ. ഫോട്ടോസ്റ്റാറ്റ് മെഷീൻ, മൾട്ടിമീഡിയ പ്രൊജക്ടർ, കാഷ് കൗണ്ടിംഗ് മെഷീൻ മുതലായ ഇലക്ട്രോണിക് ഉപകരണങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അവയുടെ ഗ്യാരന്റി/വാറന്റി കാലാവധിയും എ.എം.സി വിവരങ്ങളും രേഖപ്പെടുത്തി നിരീക്ഷിച്ച പോരേണ്ടതുമാണ്. ഓഫീസ് ഉപയോഗത്തിനുള്ള റഫറൻസ് ബുക്കുകൾ,ഫർണിച്ചർ തുടങ്ങിയവ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. തൻവർഷം വാങ്ങിയ ബൾബുകൾ (LED,CFL), ട്യൂബുകൾ, അനുബന്ധ ഉപകരണങ്ങൾ, എന്നിവ വിതരണം നിരീക്ഷിക്കേണ്ടതിനായി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

2.വിതരണ വിവരം ലഭ്യമല്ല തൻവർഷം വാങ്ങൽ നടത്തിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, നെറ്റ് സെറ്റർ(2 എണ്ണം), ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വിതരണം ചെയ്തതിന്റെയൊ, കൈപ്പറ്റിയതിന്റെയൊ വിവരം രജിസ്റ്ററിൽ ലഭ്യമല്ല. ഇലക്ട്രിക്കൽ ബൾബുകൾ, ട്യൂബുകൾ മുതലായവയുടെ വിതരണം, നീക്കിബാക്കി മുതലായ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2018 - 29.09.2018 | 08/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2017 മുതൽ 30.11.2017 വരെ | 2012-13 മുതൽ 2016-17 വരെ | എൽ.ബി.എ(എച്ച്.ക്യൂ) II/8A-2715/292 തീയതി 27.12.2017 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 76,090,226/- രൂപയും ചെലവ് 78,391,349/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 2,301,123/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 42,407,600/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 33,250,471/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 9,157,129/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി ആസ്തിയായി അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല(31.03.2018 തീയതി വരെ).
4. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. 431910101-State Govt. Cesses/levies in Prperty Taxes – Control Account ശീർഷകത്തിൽ 31.03.2018 ലെ നീക്കിയിരിപ്പ് വസ്തുനികുതി ലഭിക്കാനുള്ള തുകയുടെ 5% ആയിരിക്കേണ്ടതാണ്. ടി ശീർഷകത്തിലുള്ള നീക്കിയിരിപ്പ് തുക ലഭിക്കാനുള്ള വസ്തുനികുതിയുടെ 5 ശതമാനത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.
5. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കർഷക ഓപ്പൺ മാർക്കറ്റ് ബിൽഡിങ്ങ്(101/18) പ്രോജക്ടിനായി ലഭിച്ച 4 ലക്ഷം രൂപ റവന്യൂ ചെലവിനായി ലഭിക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യുന്ന 320700204-Contribution for Joint Venture Projects (for Revenue Expenditure)-from Block Panchayats എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്നതിനായി ലഭിച്ച ടി തുക 320700304-Contribution for Joint Venture Projects (for Capital Expenditure)-from Block Panchayats എന്ന ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ മുഖേന ക്രമീകരിക്കേണ്ടതാണ്.
6. 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

7. വാടക നിക്ഷേപം ഇനത്തിൽ തൻവർഷം ലഭിച്ച 10,851/- രൂപ മാത്രമാണ് 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം അവശേഷിക്കുന്നത്. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി വാർഷിക കണക്കുകളിലെ തുക പൊരുത്തപ്പെടുന്നില്ല. 20.03.2006-ൽ 11855-ാം നം രസീത് ബുക്ക് രസീത് നം.93 പ്രകാരം റോയി മാത്യു എന്ന വ്യക്തി വാടക നിക്ഷേപമായി 18,960/- അടവാക്കിയതായി വാടക ഡിമാന്റ് രജിസ്റ്ററിലെ ഡെപോസിറ്റ് വിശദാംശത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക 31.03.2018-ലെ ബാലൻസ് ഷീറ്റ് 340200101-Rent Deposit ശീർഷകത്തിൽ അവശേഷിക്കുന്നില്ല.
8. 420800101-Investments – Fixed Deposits പ്രകാരം 01.04.2017-ലെ മുന്നിരിപ്പ് 797,275/- രൂപയും 31.03.2018-ലെ നീക്കിയിരിപ്പ് 870,825/- രൂപയുമാണ്. സ്ഥിരനിക്ഷേപങ്ങളുടെ യഥാർത്ഥ മുന്നിരിപ്പ് 805,139/- രൂപയും നീക്കിയിരിപ്പ് 878,689/- രൂപയുമാണെന്ന് രസീത്, സ്ക്രോൾ എന്നിവ വ്യക്തമാക്കുന്നു. സ്ഥിരനിക്ഷേപ ശീർഷകത്തിലെ മൂല്യത്തിലുള്ള 7,864/- രൂപയുടെ വ്യത്യാസം തുടർവർഷം ക്രമീകരിക്കേണ്ടതാണ്.
9. ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(146/18) പ്രോജക്ട് പ്രകാരമുള്ള വികസന ഫണ്ട്(ജനറൽ) ചെലവ് 1.75 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ്-ചെലവായി കണക്കാക്കിയാണ് സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവും ചെലവും 1.75 ലക്ഷം രൂപ കൂട്ടതലായി വാർഷിക കണക്കിൽ പ്രതിഫലിക്കുന്നു. സുലേഖ ചെലവ് പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവും ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ 1.75 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
10. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ കാലഹരണപ്പെട്ട 3 ചെക്കുകളുടെ മൂല്യം Liablity in Respect of Stale Cheque ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ(JV) മുഖേന മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 21600281/22.02.2017 | 47137/22.02.2017 | 1,000/- |
| 21500669/19.01.2016 | 42795/19.01.2016 | 2,800/- |
| 21500592/14.12.2015 | 42774/14.12.2015 | 3,500/- |

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്,തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി പരിഷ്കരണം

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. വിവരശേഖരണം പൂർത്തിയായ 5519 കെട്ടിടങ്ങളുടെയും ഫോറം-6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വസ്തുനികുതി കുടിശ്ശികയുൾപ്പെടെ 31.03.2018 പ്രാബല്യത്തിൽ 89.83 ശതമാനം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്(2017-18

സഞ്ചയ കളക്ഷൻ പുരോഗതി റിപ്പോർട്ട് പ്രകാരം). സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. വസ്തുനികുതിയിനത്തിൽ 2017-18 വർഷം അവശേഷിക്കുന്ന കുടിശിക(10%) തുടർവർഷം പിരിച്ചെടുക്കേണ്ടതാണ്.

## 2-2 സഹകരണ ബാങ്കുകളുടെ ശാഖകൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

2017-18 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണ ബാങ്കിന്റെ ശാഖകളുടെ സ്ഥാപന തൊഴിൽ നികുതി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല (ഡിമാന്റ് രജിസ്റ്റർ പ്രകാരം).

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ചെങ്ങളം സർവ്വീസ് സഹകരണ ബാങ്ക്, ഞണ്ടുപാറ ശാഖ |
| 2. | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക്, പൂവത്തിളപ്പ് ശാഖ |

സഹകരണ ബാങ്കുകളുടെ ഹെഡ് ഓഫീസുകളുടെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് തൻവർഷം ഡിമാന്റ് ചെയ്തിട്ടുള്ളത്. സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം സംഭവിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/12.10.2018) സർവ്വീസ് സഹകരണ ബാങ്കുകളുടെ ശാഖകളിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം മുതൽ നികുതി ഈടാക്കുമെന്നാണ് സെക്രട്ടറി അറിയിച്ചത്. മേൽപറഞ്ഞ സ്ഥാപനങ്ങളെ തൊഴിൽ നികുതി കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 2-3 കാർഷിക നഴ്സറികൾക്ക് തൊഴിൽ നികുതിയും ഡി & ഒ ലൈസൻസ് ഫീസും ചുമത്തുന്നില്ല

അകലക്കുന്നം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാർഷിക നഴ്സറികളിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഡി & ഒ ലൈസൻസ് ഫീ ചുമത്തുകയോ ചെയ്തിട്ടില്ല. റബ്ബർ തൈകൾ ഉൽപാദിപ്പിച്ച് വിൽക്കുന്ന നഴ്സറികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കാർഷിക നഴ്സറിയുടെ പേര് |
|---|---|
| 1. | വടക്കേൽ റബ്ബർ നഴ്സറി-പൂവത്തിളപ്പ്, അകലക്കുന്നം |
| 2. | ചെറിപ്പുറത്ത് കാർഷിക നഴ്സറി-ചെങ്ങളം |

കാർഷിക നഴ്സറികളുടെ തൊഴിൽ നികുതി/ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന ചോർച്ച സംഭവിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ ലംഘനവുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.3/15.10.2018) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും ഡി & ഒ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-1 ൽ ഉൾപ്പെടാത്തതിനാലാണ് ലൈസൻസ് നൽകാത്തത് എന്നും സെക്രട്ടറി അറിയിച്ചു. മേൽപറഞ്ഞ റബ്ബർ നഴ്സറികളിൽ റബ്ബർ തൈകൾ ഉൽപാദിപ്പിച്ച് വിൽക്കുകയാണ് ചെയ്യുന്നത്. മേൽപറഞ്ഞ ചട്ടങ്ങൾ, പട്ടിക-1 ലെ ഇനം 134 പ്രകാരം റബ്ബറും റബ്ബർ ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുകയും സംഭരിക്കുകയും വിൽക്കുകയും ചെയ്യുന്ന സംരംഭങ്ങൾക്ക് ഡി & ഒ ട്രേഡ് ലൈസൻസ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഴ്സറികളുടെ ലൈസൻസ് നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. റബ്ബർ നേഴ്സറികളുടെ 2017-18 തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് - ഡിമാന്റിൽ അപാകത

ഡി & ഒ ട്രേഡ് ലൈസൻസ് 2017-18 ഡിമാന്റ് രജിസ്റ്റർ പ്രകാരം 195 സ്ഥാപനങ്ങളെയാണ് ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരം ലൈസൻസ് ഫീസ് ഡിമാന്റ് 52,070/- രൂപയാണ്. വാർഷിക കണക്കുകളിൽ ഡിമാന്റ് ചെയ്ത മുഴുവൻ തുകയും ലഭിച്ചതായി കാണുന്നത് തൻവർഷം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിൽ ചേർത്തുകൊണ്ടാണ്. പഞ്ചായത്തിൽ തയ്യാറാക്കിയ വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ടെയ്ഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ട്രേഡ് ലൈസൻസ് നടപടികളും ഫീസ് ഈടാക്കുന്നതിന് സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്ന ഡിമാന്റും (ജേർണൽ വൗച്ചർ ഡിമാന്റ് എൻട്രി) ക്രമീകരിക്കേണ്ടതാണ്.

## 2-5 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 11 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റിനിക്ഷേപം എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയത്തിന്റെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഇ-ടെണ്ടർ സമർപ്പിച്ച പ്രവൃത്തികളുടെ ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റിനിക്ഷേപം എന്നിവ സർക്കാർ ഉത്തരവ് (എം.എസ്)318/13/തസ്വഭവ തീയതി28.9.13 ൽ നിർദ്ദേശിക്കും പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 യാത്രാബത്ത നല്കിയത്-നടപടിക്രമത്തിൽ അപാകത

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 04/16 മുതൽ 03/17വരെയുള്ള യാത്രാബത്തയിനത്തിൽ 77382-രൂപ വൗ.നം.21700833/14-02-2018 പ്രകാരം നലകിയിട്ടുണ്ട്. KSR ഭാഗം II ചട്ടം 63 പ്രകാരം 6 മണിക്കൂർ വരെയുള്ള യാത്രയ്ക്ക് ദിനബത്തയ്ക്ക് അർഹതയില്ലാത്തതും 6 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ 1/2 ദിനബത്തയും 12 മണിക്കൂർ മുതൽ 24 മണിക്കൂർ വരെ 1 ദിനബത്തയുമാണ് നൽകേണ്ടത്. ഇതുപ്രകാരം 12 മണിക്കൂറിൽ കൂടുതൽ യാത്ര നടത്തിയവർക്കാണ് 1 ദിനബത്തയ്ക്ക് അർഹതയുള്ളത്. എന്നാൽ 2016-17 വർഷത്തെ ഹാജർ രജിസ്റ്റർ പരിശോധിച്ചതിൽ, 1 ദിനബത്ത കൈപ്പറ്റിയിട്ടുള്ള എല്ലാ ജീവനക്കാരും, അവരുടെ ടൂർ ഡയറി, യാത്രാബത്ത ബിൽ എന്നിവ പ്രകാരം യാത്ര നടത്തിയിട്ടുള്ള തീയതികളിൽ ദിനബത്ത കൈപ്പറ്റുകയും ജോലിക്കു ഹാജരായിരുന്നതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) ലഭിച്ച മറുപടി തൃപ്തികരമല്ല. 12 മണിക്കൂറിനു മേൽ യാത്ര നടത്തിയ ജീവനക്കാർ അതേ ദിവസം ജോലിക്കു ഹാജരായതായി രേഖപ്പെടുത്തിയിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. 1 ദിനബത്തയ്ക്ക് അർഹതപ്പെട്ട യാത്ര നടത്തുന്ന ജീവനക്കാർ അന്നേ ദിവസം ഹാജർ രേഖപ്പെടുത്തുന്ന നടപടി ഒഴിവാക്കേണ്ടതാണ്. വിവിധ ഓഫീസ് ആവശ്യങ്ങൾക്കായി നടത്തുന്ന 6 മണിക്കൂറിനുള്ളിലുള്ള യാത്ര ഔദ്യോഗിക കൃത്യനിർവഹണമായി കണക്കാക്കി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ആയതിന് യാത്രയുടെ ദൈർഘ്യം കണക്കാക്കാതെ 1 ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

## 3-2 തെരുവുനായ നിയന്ത്രണം-നടപടികൾ ഊർജിതപ്പെടുത്തണം

തെരുവുനായയുടെ കടിയേറ്റ് 15.10.15ൽ മരണമടഞ്ഞ ഗ്രാമപ്പഞ്ചായത്തിലെ 13-ാം വാർഡിലെ ശ്രീമതി ഡോളിയുടെ കുടുംബത്തിന് നഷ്ടപരിഹാരമായി 10,12,500/-രൂപ നല്കണമെന്ന് സുപ്രീം കോടതി

വിധിച്ചു. സർക്കാർ ഉത്തരവു നം. 3551/2017/തസ്വഭവ തീ.3.11.17 പ്രകാരം 2,40,000/-രൂപ കേരള സർക്കാർ നേരിട്ടു നല്കി. ബാക്കി തുകയായ 7,72,500/- രൂപ 15.10.15 മുതൽ 4.01.18 വരെ 9% പലിശ സഹിതം (154860-) നല്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് സർക്കാർ നിർദ്ദേശിച്ചു. ഇതിൻപ്രകാരം ആകെ 9,27,360/- രൂപ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്.
തെരുവുനായ നിയന്ത്രണം പദ്ധതിക്കായി (എബിസി പ്രോഗ്രാം) 2014-15 വർഷം 2,00,000/-രൂപ ജില്ലാ പഞ്ചായത്തിൽ അടച്ചുവെങ്കിലും തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

നായ്ക്കളുടെ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ആകെ 31 നായ്ക്കൾക്കു മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഒരു വെറ്ററിനറി ആശുപത്രിയും വെറ്ററിനറി ഡിസ്പൻസറിയും ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിൽ തൻവർഷം വെറ്ററിനറി ഡിസ്പൻസറി വഴി മാത്രം 300ൽപരം നായ്ക്കൾക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ നായ്ക്കൾക്കളുടെ ലൈസൻസ് നിർബന്ധമാക്കുന്നതിനും തെരുവുനായ നിയന്ത്രണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് ഈടാക്കി

കൃഷി ഓഫീസർ തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം താഴെ ചേർക്കും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | ഗുണഭോക്തൃ വിഹിതം(രൂപ) | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അവാക്കിയ രസീത് നം./ തീയതി |
|---|---|---|---|
| 130/18 | തെങ്ങിൻ തൈ,പ്ലാവിൻ തൈ വിതരണം | 7125 | 117040104676/24-02-18 |
| 113/18 | കുള്ളൻ തെങ്ങിൻ തൈ വിതരണം | 16020 | 117040104497/14-02-18 |
| 04/18 | ഫലവൃക്ഷതൈ വിതരണം | 7140 | 117040104677/24-02-18 |

തെങ്ങിൻ തൈകൾ/ഫലവൃക്ഷതൈകൾ എന്നിവയുടെ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രസീത്ബുക്ക് ഉപയോഗിക്കാതെ ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് ഈടാക്കി. വിതരണ രജിസ്റ്ററിൽ ഗുണഭോക്തൃവിഹിതം, ഗുണഭോക്താവിന്റെ ഒപ്പ് എന്നിവ ചേർത്ത് തൈകൾ തൽസമയം തന്നെ വിതരണം നടത്തി. പ്രസ്തുത തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ രസീത് ബുക്ക് ഉപയോഗിക്കാതെ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് ഈടാക്കിയത് ക്രമക്കേടുകൾക്ക് കാരണമാകാവുന്ന ഗുരുതരമായ പിഴവാണ്. അപാകത ആവർത്തിക്കാതിരിക്കാൻ നിർവഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സമഗ്ര കൃഷി വികസനം - പരമാവധി സബ്സിഡി തുക നിശ്ചയിച്ചിട്ടില്ല

പ്രോജക്ട് നം - 2/18

ചെലവ് - 9,50,000 (വികസന ഫണ്ട് (പൊതുവിഭാഗം))

കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്രകൃഷി വികസനം എന്ന പ്രോജക്റ്റിൽ 166 ഗുണഭോക്താക്കൾക്കായി 75 % സബ്സിഡിയിൽ ജൈവവളവും, 50% സബ്സിഡിയിൽ രാസവളവും വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ 80/2017/തസ്വഭവ 03.04.17 പ്രകാരം പരമാവധി സബ്സിഡി തുക

തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിച്ച നൽകേണ്ടതാണ്. ഈ പ്രോജക്ടിൽ ഒരു ഗുണഭോക്താവ് 19,376/- രൂപ വരെ സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് പ്രാമുഖ്യമുള്ള പഞ്ചായത്താകയാൽ പരമാവധി സബ്സിഡി തുക നിർണ്ണയിച്ച നൽകാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ജൈവ വള/രാസവള വിതരണം കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി നടത്തേണ്ടതും പ്രസ്തുത പ്രോജക്ടിന്റെ ഫലപ്രാപ്തി മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായി വിലയിരുത്തേണ്ടതുമാണ്.

## 3-5 നിക്ഷേപപ്രവൃത്തികൾ - അപാകതകൾ

എ) പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല

വൈദ്യുതലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഓരോ വാർഷികപദ്ധതിയിലും ഭീമമായ തുക വൈദ്യുതബോർഡിൽ നിക്ഷേപിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിലെ വൈദ്യുതലൈനുകൾ, സ്ട്രീറ്റ് ലൈറ്റ് ലൈൻ, തുടങ്ങി വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷവും ഏതെല്ലാം പ്രദേശത്തേയ്ക്ക് ലൈൻ ദീർഘിപ്പിക്കുന്ന തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ചെലവഴിക്കുന്ന തുക ആവശ്യാധിഷ്ഠിതമാണോ എന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

ബി) കരാർ ചമച്ചിട്ടില്ല/വിനിയോഗവിവരം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം കെ എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ വിശദാംശങ്ങളും പൂർത്തീകരണവിവരവും ഉൾപ്പെടുത്തി നിയമാനുസൃതം കരാർ ചമച്ചിട്ടില്ല . പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണവിവരങ്ങളും ലഭിച്ചിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ താഴെപ്പറഞ്ഞ പ്രോജക്ടുകൾക്ക് ചെലവഴിച്ച 6,28,585/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | നിക്ഷേപിച്ച തുക | നിക്ഷേപവിവരങ്ങൾ |
|---|---|---|
| നം.87/18<br>ഇലക്ട്രിസിറ്റി ലൈൻ<br>മാറ്റി സ്ഥാപിക്കൽ | വികസനഫണ്ട് - 73000<br>തനതു ഫണ്ട് - 19382 | ബിൽ നം.15/25.8.17<br>ചെക്ക് നം.261769/25.8.17<br>അസി.എഞ്ചിനീയർ, കെ.എസ്ഇബി<br>പള്ളിക്കത്തോട് പേർക്ക് നൽകി |
| നം. 13/18<br>കെ എസ് ഇ ബി<br>മീറ്റർ (സ്ട്രീറ്റ് മെയിൻ) | വികസനഫണ്ട് - 57766<br>(സാധാരണം)<br>ധനകാര്യകമ്മീഷൻ<br>അവാർഡ് - 325000<br>തനതുഫണ്ട് -13437 | ബിൽ നം.27/25.10.17<br><br>ബിൽ നം. 26/25.10.17<br>ടി |
| നം.249/18<br>ചെങ്ങളം വാട്ടർ<br>അതോറിറ്റി<br>ടാങ്കിൽ നിന്ന് പൈപ്പ്<br>ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട് – 140000 | ബിൽ നം.54/27.3.18<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>വാട്ടർ അതോറിറ്റി പേർക്ക് നൽകി |
| ആകെ | 6,28,585 | |

സി) കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

താഴെപ്പറയുന്ന പ്രവൃത്തികൾ കരാർപ്രകാരം 31.3.18നകം പൂർത്തീകരിക്കേണ്ടതാണെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ടിന്റെ വിവരങ്ങൾ | കരാർ ഉടമ്പടി നം.തീയതി | നിക്ഷേപിച്ച തുക | നിക്ഷേപവിവരങ്ങൾ |
|---|---|---|---|
| നം.227/18 | 1/2-6201/1.1.18 | വികസനഫണ്ട് -939009 | ബിൽ നം.38/15.1.18 |

| | | | |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ ഫിക്സിംഗ് | | തനതുഫണ്ട് - 454739 | |
| നം.253/18<br>സ്ട്രീറ്റ് മെയിൻ<br>കെഎസ്ഇബി ഡെപ്പോസിറ്റ് | A2-2/18/25.3.18 | വികസനഫണ്ട് –127293<br>ധനകാര്യകമ്മീഷൻ<br>അവാർഡ് -1057681<br>തനത് ഫണ്ട് – 690 | ബിൽ നം.55,56/27.3.18 |
| ആകെ | | 2579412 | |

കരാർ പ്രകാരം പ്രോജക്ട് നം.253/18 ന്റെ പൂർത്തീകരണത്തീയതി 31.3.18 ആണെങ്കിലും തുക കൈമാറിയിരിക്കുന്നത് 27.3.18 ലെ ബിൽ പ്രകാരമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് ആവശ്യമായ സമയം നൽകി കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 32,07,997/- (628585 + 2579412) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല

വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് റീടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ തുടക്കം,അവസാനം,നീളം,വീതി,പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ്, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾ തുടങ്ങിയവ കാണിക്കുന്ന രേഖകൾ/മാപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടാറിംഗ്/റീടാറിംഗ്/അറ്റകുറ്റപ്പണികളുടെ ഇടവേളയും ആവശ്യകതയും കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. തന്മൂലം ഓരോ വാർഷിക പദ്ധതിയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കാതെ വരുന്നു. ആയതിനാൽ കൃത്യമായ ഇടവേളയും ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി റോഡുപ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ബാരൽ വില - നിശ്ചിത ഫണ്ടിൽ ഒടുക്കു വരുത്തണം

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 11 റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് ബാരൽവിലയിനത്തിൽ 29,500/- രൂപയും ജിഎസ്ടി 5,310/- രൂപയും ഉൾപ്പടെ ആകെ 34,810/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക ഏതു ഫണ്ട് വിനിയോഗിച്ചാണോ ടാർ വാങ്ങിയത്, ആ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഡിറ്റോറിയം മെയിന്റനൻസ് - പഴയ ടിൻ ഷീറ്റുകൾ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തിരിക്കുന്നു - ലേല നടപടികൾ സ്വീകരിക്കണം

പ്രോജക്ട് നം - 60/18

ചെലവ് - 2,77,931 [MG(NR)]

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നിലവിലുള്ള ടിൻ ഷീറ്റ് മാറ്റി പകരം അലുമിനിയം ട്രഫോൾഡ് ഷീറ്റ് പാകുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പൊളിച്ചുമാറ്റിയ 3.60 മീ X 1.25 മീ വലിപ്പമുള്ള 60 ടിൻ ഷീറ്റുകളും, 26 മീറ്റർ നീളമുള്ള റിഡ്ജും പഞ്ചായത്ത് കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തിരിക്കുന്നു. എന്നാൽ ഇവയുടെ വാല്യുവേഷൻ നടത്തി ലേല നടപടി സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.9/23.10.2018) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ലേലനടപടിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-9 മഞ്ഞാമറ്റം മാറാമറ്റം റോഡ് റീടാറിംഗ് - റോഡിന്റെ ദൈർഘ്യം പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പ്രോജക്ട് നം - 174/18

ചെലവ് - 2,22,121 [MG(NR)]

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡ് 300 മീറ്റർ ടാർ റോഡ് മാത്രമാണ്. എന്നാൽ റോഡിന്റെ 200 മീറ്റർ റീടാർ ചെയ്യുകയും 15 മീറ്റർ കോൺക്രീറ്റ് ഭാഗം നന്നാക്കുന്നതിനുമായി തുക ചെലവഴിച്ചിരിക്കുന്നു. ആസ്തി രജിസ്റ്ററിൽ പ്രസ്തുത 15 മീറ്റർ കോൺക്രീറ്റ് ഭാഗം ഉൾപ്പെട്ടിട്ടില്ല. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുമ്പോൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

## 3-10 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്തുപ്രവൃത്തികൾക്ക് സർക്കുലർ നം. 1/1559/2010/സി.ഇ/തസ്വഭവ തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 194/18 | മഞ്ഞക്കാവ്-ചൂണ്ടമലറോഡ് കോൺക്രീറ്റിംഗ് |
| 2 | 185/18 | ഈട്ടിക്കൽ കോളനി കുടിവെള്ളപദ്ധതി |
| 3 | 70/18 | അകലക്കുന്നം ഗവ.എൽ.പി എസ് അറ്റകുറ്റപ്പണി |
| 4 | 184/18 | ചപ്പാത്ത് കുടിവെള്ളപദ്ധതി |
| 5 | 180/18 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി |

1. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.സമിതിയുടെ തെരഞ്ഞെടുക്കലിനായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമനം.2 ആയി പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ മിനിറ്റ്സ്ബുക്ക് സൂക്ഷിച്ചിട്ടില്ല.
2. പണമിടപാടുകൾ കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ട് മുഖേന നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. കൺവീനറുടെ പേരിൽ മാത്രമാണ് അക്കൗണ്ട് തുടങ്ങിയിടിട്ടുള്ളത്.
3. ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ നിയോഗിച്ച തൊഴിലാളികളുടെ വേതനം, വിതരണ രേഖകൾ മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്.സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്.എന്നാൽ ഗുണഭോക്തൃസമിതി വരവു ചെലവുകണക്കുകൾ തയ്യാറാക്കി പാസാക്കിയിട്ടില്ല.
5. ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ഭവന പുനരുദ്ധാരണം-സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നു

പഞ്ചായത്തിൽ വീട് വാസയോഗ്യമാക്കുന്നതിനായി തൻവർഷം വി.ഇ.ഒ അകലക്കുന്നം , വി.ഇ.ഒ

മറ്റക്കര എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലായി 4 പ്രോജക്ടുകൾ നടപ്പിലാക്കി. പൊതു വിഭാഗം 15000 രൂപ, പട്ടികജാതി വിഭാഗം 50000 രൂപ വീതം ധനസഹായം നല്കുകയും ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 80/2017 ത.സ്വ.ഭ.വ.തീ.03.04.17 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പൊതുവിഭാഗത്തിന് 1,00,000 രൂപയും, പട്ടികജാതിവിഭാഗത്തിന് 1,50,000 രൂപയുമാണ്. കൂടുതൽ പേർക്ക് ആനുകൂല്യം നല്കുന്നതിനാണ് ഇപ്രകാരം സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നത്. തുച്ഛമായ സബ്സിഡി നല്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-12 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - 103,761/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | PHC മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. ; വർഷം | S0137/18 ; 2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -PHC |
| അടങ്കൽ തുക | 2 ലക്ഷം (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 2 ലക്ഷം [Bill No.7/17-18/18.11.2017 – 1 ലക്ഷം ;<br>Bill No.18/17-18/12.02.2018 – 1 ലക്ഷം] |

മേൽ പ്രോജക്ടിൽ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. എന്നാൽ 96,239/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തീയതിവരെയും പി.എച്ച്.സി. ക്ക് ലഭ്യമായത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് മുഖേന അറിയിച്ചു. ലഭ്യമാകാനുള്ള മരുന്നുകളുടെ വിലയായ 1,03,761/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്തതിനുശേഷം ഓഡിറ്റിനെ രേഖാമൂലം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 വൃദ്ധർക്ക് വിശ്രമകേന്ദ്രം - പ്രോജക്ട് ആസൂത്രണത്തിൽ അപാകതകൾ

പ്രോജക്ട് നം. 103/18
നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 2,99,045/- (വികസനഫണ്ട്)

പഞ്ചായത്തിലെ ആലുങ്കൽതകിടി എന്ന സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അങ്കണവാടി കെട്ടിടത്തിന്റെ പിൻവശത്താണ് വൃദ്ധർക്ക് വിശ്രമകേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ അങ്കണവാടിയുടെ ടോയ്‌ലറ്റ് അസൗകര്യം സൃഷ്ടിക്കുമെന്നതിനാൽ അത് പൊളിച്ചു നീക്കി പുതിയ കെട്ടിടത്തോടു ചേർന്ന് അങ്കണവാടിയ്ക്കും വിശ്രമകേന്ദ്രത്തിനും പൊതുവായി ഒരു ടോയ്‌ലറ്റാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ശിശുക്കൾക്കു വേണ്ടിയുള്ള അങ്കണവാടിയ്ക്കും വൃദ്ധർക്കു വേണ്ടിയുള്ള വിശ്രമകേന്ദ്രത്തിനും പൊതു ടോയ്‌ലറ്റ് എന്നത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി (ശിശുസൗഹൃദ) ടോയ്‌ലറ്റുകളാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.

ശിശുക്കൾക്ക് പഠനത്തിനും മാനസികോല്ലാസത്തിനും ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ള അങ്കണവാടിയും പ്രത്യേക നിയന്ത്രണങ്ങളില്ലാതെ പ്രവർത്തിക്കുന്ന വൃദ്ധവിശ്രമകേന്ദ്രവും ഒരേ കോമ്പൗണ്ടിൽ അടുത്തടുത്തു സ്ഥാപിച്ചത് പ്രോജക്ടുകൾക്ക് തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത നിശ്ചയിക്കുന്നതിൽ സംഭവിച്ച പിഴവാണ്. ഇക്കാര്യത്തിലേയ്ക്ക് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും

ഭരണസമിതിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

## 3-14 വാട്ടർ കിയോസ്കുകൾ - തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കണം

പ്രോജക്ട് നം - 248/18

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 1,53,897 [MG(NR)]

കുടിവെള്ളക്ഷാമ പരിഹാരത്തിനായി സർക്കാർ നിർദ്ദേശാനുസരണം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം ആറ് കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിച്ചിട്ടുണ്ട്. 5000 ലിറ്റർ ടാങ്കുകളും കിയോസ്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള തുടർ ഉത്തരവ് ലഭിക്കാത്തതിനാൽ കിയോസ്കുകൾ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതും കിയോസ്കുകളുടെ പരിപാലനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-15 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ചെലവഴിക്കാത്ത തുക പഞ്ചായത്ത് ഫണ്ടിന് ബാധ്യത

പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച തുകകൾ, പ്രോജക്ടുകൾ പൂർത്തീകരിച്ച ശേഷവും കൃത്യമായ കണക്കുകൾ ഇല്ലാതെ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി നിലനിൽക്കുന്നു. 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം തൻവർഷം തുടർചെലവുകൾ ഇല്ലാതെ അവശേഷിക്കുന്ന മേൽപറഞ്ഞ പ്രകാരമുള്ള ഫണ്ടുകളുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ-നം. | സാംഖ്യ കണക്ക് ശീർഷകം | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ പേര് | 31.03.2018-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 320100126 | കളിസ്ഥല വികസനത്തിന് ലഭിച്ചത്(PYKA) | 219/- |
| 2. | 320200322 | മാലിന്യ നിർമ്മാർജ്ജനം(Suchitwa Mission) | 52,515/- |
| 3. | 320200323 | കേരളോൽസവം ഗ്രാന്റ് | 1,560/- |
| 4. | 320300199 | മൃഗാശുപത്രി മെയിന്റനൻസിന് ലഭിച്ച തുക | 3,112/- |
| 5. | 320700105 | ആംബുലൻസ് വാങ്ങുന്നതിന്-ജില്ല പഞ്ചായത്ത് വിഹിതം | 938/-* |
| 6. | 320700205 | കരിമ്പാനി കുടിവെള്ള പദ്ധതി-ജില്ല പഞ്ചായത്ത് വിഹിതം | 37,284/- |
| 7. | 320800101 | ഗുണഭോക്തൃ വിഹിതം | 94,551/- |

*ക്രമ നം.5ൽ തൻവർഷം ലഭ്യമായ തുകയിൽ ചെലവഴിക്കാനവശേഷിക്കുന്ന 9,91,113/- രൂപയും ശേഷിക്കുന്ന 938/- രൂപയും ചേർന്ന 9,92,051/- രൂപയാണ് ബി4 ഷെഡ്യൂളിൽ 320700105 ശീർഷകത്തിൽ അവശേഷിക്കുന്നത്.

പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) തയ്യാറാക്കി നിരീക്ഷിക്കുന്നില്ല. ക്രമ നം.1 ലെ ഗ്രാന്റ് പ്രകാരമുള്ള പ്രോജക്ടുകൾ മുൻവർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതായി അക്കൗണ്ടന്റ് അറിയിച്ചു. ടി ഗ്രാന്റിന്റെ പഞ്ചായത്ത് ഫണ്ടിലുള്ള നീക്കിയിരിപ്പ് ലഭ്യമാക്കിയ സ്ഥാപനം/ഏജൻസിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. മേൽപറഞ്ഞ ഗ്രാന്റുകൾ യഥാവിധി വിനിയോഗിക്കുകയോ ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവ ലഭ്യമാക്കിയ ഏജൻസിയിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്. ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി നിരീക്ഷിക്കേണ്ടതാണ്.

കൂടാതെ എം.എൻ. ലക്ഷം വീട് പദ്ധതിക്കായി ലഭിച്ച 38,891/- രൂപയും എസ്.എസ്.എ. അക്കൗണ്ടിലുള്ള 60,341/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയവ യഥാവിധി തിരികെ അടവാക്കി അക്കൗണ്ട്

ക്ലോസ് ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 24.4 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1,427,750/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും 2016-17 വർഷം ലഭിച്ച 1.75 ലക്ഷം രൂപയും തൻവർഷമാണ് ചെലവഴിച്ചിരിക്കുന്നത്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | വീട് വാസയോഗ്യമാക്കൽ(110/18) | 950,000/- | 28.10.2017 | 950,000/- | ഇല്ല |
| | കർഷക ഓപ്പൺ മാർക്കറ്റ് ബിൽഡിങ്ങ്(101/18) | 500,000/- | 10.01.2018 | 498,887/- | 1,113/- |
| | ളൂർക്കമറ്റം – പന്നഗം തോട്ടിൽ ക്രോസ്സ് ബാർ കം ബ്രിഡ്ജ്(104/18) | 990,000/- | 28.03.2018 | ഇല്ല | 990,000/- |
| | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(206/18)-സ്പിൽ ഓവർ* | 175,000/- | 2016-17 | 175,000/- | ഇല്ല |
| | ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | 2,615,000/- | - | 1,623,887/- | 991,113/- |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(88/18) | 175,000/- | 18.01.2018 | 175,000/- | ഇല്ല |
| | പാലിയേറ്റീവ് കെയർ(142/18) | 100,000/- | 23.11.2017 | 100,000/- | ഇല്ല |
| | കർഷക ഓപ്പൺ മാർക്കറ്റ് ബിൽഡിങ്ങ്(101/18) | 400,000/- | 10.01.2018 | ഇല്ല | 400,000/- |
| | ളൂർക്കമറ്റം – പന്നഗം തോട്ടിൽ ക്രോസ്സ് ബാർ കം ബ്രിഡ്ജ്(104/18) | 490,000/- | 28.12.2017 | ഇല്ല | 490,000/- |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(146/18) | 262,750/- | 23.11.2017 | 262,750/- | ഇല്ല |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,427,750/- | - | 537,750/- | 890,000/- |

പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) സൂക്ഷിക്കുന്നില്ല. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗ വിശദാംശത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

അകലക്കുന്നം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വിവിധ നിർവ്വഹണ ഏജൻസികളിൽ 33,93,307/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | കെ.എസ്.ഇ.ബി. മീറ്റർ-സ്ട്രീറ്റ് മെയിൻ (13/18) | 396,203/- | 17.11.2017 | ഇല്ല | 396,203/- |
| | ഇലക്ട്രിസിറ്റി ലൈൻ മാറ്റി സ്ഥാപിക്കൽ (87/18) | 92,832/- | 25.08.2017 | ഇല്ല | 92,832/- |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ രണ്ടാം ഘട്ടം (227/18) | 1,393,748/- | 17.11.2017 | ഇല്ല | 1,393,748/- |
| | കാഞ്ഞിരമറ്റം-വേങ്ങന്താനം മുടന്തിയാനി റോഡിന് നടുവിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(246/18) | 174,770/- | 17.11.2017 | ഇല്ല | 174,770/- |
| | സ്ട്രീറ്റ് മെയിൻ കെ.എസ്.ഇ.ബി.(253/18) | 1,185,664/- | 27.03.2018 | ഇല്ല | 1,185,664/- |
| | -KSEB-യിൽ ആകെ നിക്ഷേപിച്ചത് | 32,43,217/- | - | - | 32,43,217/- |
| ജല അതോറിറ്റി | ചെങ്ങളം-വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(249/18) | 140,000/- | 27.03.2018 | ഇല്ല | 140,000/- |
| ഭൂജല വകുപ്പ് | കാഞ്ഞിരമറ്റം കോളനി കുടിവെള്ള പദ്ധതി(239/18) | 10,090/- | 14.02.2018 | ഇല്ല | 10,090/- |
| ആകെ | | 33,93,307/- | | - | 33,93,307/- |

നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം 31.03.2018 വരെ ലഭിച്ചിട്ടില്ല എന്നതിനാൽ പ്രസ്തുത തുകകൾ ഡെപോസിറ്റ് ശീർഷകങ്ങളിൽ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. വായ്പ തുകയുടെ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ലോൺ അക്കൗണ്ട് നം. | 31.03.2018 വരെ വായ്പ എടുത്ത തുക | 01.04.2017-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2017-18 വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.90/2013 /എൽ.എസ്.ജി.ഡി. തീയതി 14.03.2013 | A/C No. 1 ChengalamSCB Ltd No.K 253 | 5,578,425/- | 784,234/- | 784,234/- | - | ഇല്ല |
| | | A/C No. 02 Kanjiramattom SCB Ltd 1109 | 1,500,000/- | 500,000/- | 500,000/- | - | ഇല്ല |

2017-18 വർഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ ഇ.എം.എസ്. ഭവന വായ്പാ പദ്ധതി വായ്പാ തിരിച്ചടവ് (പ്രോജക്ട് നം.107/18) പ്രകാരമാണ് ആകെ 12,84,234/- രൂപയുടെ വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വായ്പയുടെ മുതൽ ഇനത്തിലുള്ള മുഴുവൻ തുകയും തിരികെ അടവാക്കിയ 31.07.2017 തീയതി വരെയുള്ള പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നതിനാൽ വായ്പ അക്കൗണ്ട് തൻവർഷം തീർപ്പാക്കിയിട്ടില്ല. ബാങ്കിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പലിശ ഇനത്തിൽ 12,86,823/- രൂപ സർക്കാരിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാക്കി ഒടുക്കി വായ്പ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങളുടെ 2017-18 വർഷത്തെ വിനിമയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 805,139/- |
| തൻവർഷം നിക്ഷേപിച്ച തുക | 73,550/- |
| ആകെ | 878,689/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 878,689/- |

സാംഖ്യ കണക്ക് ശീർഷകം 420800101-Investments – Fixed Deposits പ്രകാരം 01.04.2017-ലെ മുന്നിരിപ്പ് 797,275/- രൂപയും 31.03.2018-ലെ നീക്കിയിരിപ്പ് 8,70,825/- രൂപയുമാണ് 2017-18 വാർഷിക കണക്കിൽ ചേർത്തിരിക്കുന്നത്. മുൻവർഷങ്ങളിലെ അക്കൗണ്ടിങ്ങിലെ പിഴവ് മൂലം മുന്നിരിപ്പിലും നീക്കിയിരിപ്പിലും പഞ്ചായത്തിന് നാല് അക്കൗണ്ടുകളിലായുള്ള സ്ഥിരനിക്ഷേപ തുകയുടെ മൂല്യത്തിൽ നിന്നും 7,864/- രൂപ കുറവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 31.03.2018-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള 8,78,689/- രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | തുക(രൂപ) | ബാങ്ക്/ട്രഷറി | കാലാവധി | പലിശ % |
|---|---|---|---|---|---|
| Fixed Deposit | FD Account No.7228 | 387,079/- | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1109 പൂവത്തിളപ്പ് ശാഖ | 03.03.2019 | 8.5 % |
| Fixed Deposit | FD Account No.7229 | 193,541/- | | 03.03.2019 | 8.5 % |
| Fixed Deposit | FD Account No.7230 | 288,069/- | | 03.03.2019 | 8.5 % |
| Endowment Deposit | No.3076/25.06.2002 | 10,000/- | | - | 9.5 % |

മുൻവർഷങ്ങളിൽ അക്കൗണ്ട് ചെയ്യാത്ത 7,864/- രൂപ സ്ഥിര നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 62,351,093/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49,512,671/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,11,758/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(ബി) | 4,88,585/- | ശ്രീ കെ. ആർ. രാധാകൃഷ്ണൻ, സെക്രട്ടറി |
| | 1,40,000/- | സൂസി ജോസഫ്, സെക്രട്ടറി |
| 3-5(സി) | 25,79,412/- | സൂസി ജോസഫ്, സെക്രട്ടറി |
| 3-12 | 1,03,761/- | ഡോ. വിമി ഇക്ബാൽ, മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. |
| ആകെ | 33,11,758/- രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(2)/18/ 16.02.2018 | 3 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(1)/18/ 16.02.2018 | 9 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(3)/18/ 30.01.2018 | 2 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(4)/18/ 31.01.2018 | 9 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(5)/18/ 31.01.2018 | 4 |
| 2009-10 | എൽ.എഫ്.കെ.പി12-521/13 / 18.05.2013 | - |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(6)/18/ 31.01.2018 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(7)/18/ 05.04.2018 | 18 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/164/15 /05.05.2016/10.05.2016 | 11 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/1500/16 /22/.02.17/17.04.2017 | - |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1863/16 /02.05.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1365/2017 /22.01.2018 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി13-1953/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 09.11.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം